ഭരണഭാഷ-മാതൃഭാഷ

നമ്പർ.കെ.എസ്.എ/എം.എൽ.പി4/718/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലബാർ ദേവസ്വം ഓഡിറ്റ് മേഖലാ കാര്യാലയം
പാലക്കാട്
തീയതി : 06.01.2026
ഫോൺ നമ്പർ-04912 527448
email:hrepkd.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ
ശ്രീ ഇളംകുന്ന് ദേവസ്വം
തച്ചനാട്ടുകര

സർ,

വിഷയം: ശ്രീ ഇളംകുന്ന് ദേവസ്വത്തിന്റെ 2005 മുതൽ 2024 വരെയുള്ള വർഷങ്ങളിലെ വാർഷിക കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ അനുസരിച്ച് പുറപ്പെടുവിക്കുന്ന ശ്രീ ഇളംകുന്ന് ദേവസ്വത്തിന്റെ 2004 മുതൽ 2024 വരെ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് അയക്കുന്നു. ഈ റിപ്പോർട്ടിനുള്ള മറുപടി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15[1] അനുസരിച്ച് ഈ റിപ്പോർട്ട് കിട്ടി രണ്ടു മാസത്തിനകം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, മലബാർ ദേവസ്വം ഓഡിറ്റ് പാലക്കാട് മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചു തരേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ മെയിൽ)
2. പ്രസിഡണ്ട്, മലബാർ ദേവസ്വം ബോർഡ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
   (കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ് മുഖാന്തിരം)
3. അസിസ്റ്റന്റ് കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്, പാലക്കാട്
4. ഓഫീസ് പകർപ്പ്

//സി.പി//

നമ്പർ.കെ.എസ്.എ/എം.എൽ.പി/718/2025 തീയതി - 06.01.2026

പാലക്കാട് ജില്ല, മണ്ണാർക്കാട് താലൂക്ക്, തച്ചനാട്ടുകര നമ്പർ.01 വില്ലേജിലെ ശ്രീ ഇളംകുന്ന് ദേവസ്വത്തിന്റെ 2004 മുതൽ 2024 വരെയുള്ള വർഷങ്ങളിലെ വാർഷിക കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിനു ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും	ശ്രീ. തുളസീദാസ്. വി.ജി ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റ് ചെയ്ത ഉദ്യോഗസ്ഥർ	ശ്രീഃ സുരേഷ്.എ.ബി, ഓഡിറ്റ് ഓഫീസർ
	ശ്രീഃ ഗോകുൽ.സി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീഃ വിജയൻ. പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഓഡിറ്റ് നടത്തിയ വർഷം	2005 - 2024
ഓഡിറ്റിനു വിനിയോഗിച്ച ദിവസങ്ങൾ	13.10.2025 മുതൽ 22.10.2025 വരെ
ഓഡിറ്റ് കാലയളവിലെ ക്ഷേത്രഭരണാധികാരിയുടെ പേരും തസ്തിക പേരും	ശ്രീ സുബ്രഹ്മണ്യൻ എക്സിക്യൂട്ടീവ് ഓഫീസർ 01.01.2005 മുതൽ 27.09.2010 വരെ
	ശ്രീ വാസുദേവൻ എക്സിക്യൂട്ടീവ് ഓഫീസർ 28.09.2010 മുതൽ 31.06.2015 വരെ
	ശ്രീ സി.പി സുകുമാരൻ ചെയർമാൻ 01.07.2015 മുതൽ 21.03.2022 വരെ
	ശ്രീ സി.എം ബാലചന്ദ്രൻ ചെയർമാൻ 22.03.2022 മുതൽ 29.09.2023 വരെ
	ശ്രീ പി രാജൻ ചെയർമാൻ 30.09.2023 മുതൽ 31.12.2024 വരെ

ഭാഗം-1

1-1 ബജറ്റ്

ദേവസ്വത്തിന്റെ 2005 മുതൽ 2024 കൂടിയുള്ള വർഷങ്ങളിലെ ബജറ്റുകൾക്ക് മലബാർ ദേവസ്വം ബോർഡിൽ നിന്ന് അംഗീകാരം ലഭിച്ചിട്ടില്ല. ഹിന്ദുമത ധർമ്മ സ്ഥാപന നിയമം 70(1), മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 29.12.2010-ലെ ജെ5/9364/09 എംഡിബി(1) സർക്കുലർ എന്നിവ പ്രകാരം കലണ്ടർ വർഷാരംഭത്തിന് 2 മാസം മുമ്പ് അതായത് ഒക്ടോബർ 31 നകം അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കേണ്ടതും അംഗീകാരത്തിന് വിധേയമായി മാത്രം ചെലവുകൾ ചെയ്യേണ്ടതുമാണ്. യഥാസമയം ബജറ്റ് സമർപ്പിച്ച് അംഗീകാരം വാങ്ങാത്ത ക്ഷേത്രങ്ങളുടെ ചെലവ് നിയമാനുസൃതമായിരിക്കുകയില്ലായെന്നും, അത്തരം ചെലവുകൾ നിയമവിരുദ്ധവും, ആയതിന് ബന്ധപ്പെട്ടവർ വ്യക്തിപരമായി ഉത്തരവാദികളായിരിക്കുമെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ പ്രസ്തുത സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ ദേവസ്വത്തിന്റെ 2005 മുതൽ 2024 കൂടിയുള്ള വർഷങ്ങളിലെ മുഴുവൻ ചെലവുകൾക്കും മലബാർ ദേവസ്വം ബോർഡിൽ നിന്നും സാധൂകരണം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-2 വാർഷിക കണക്കുകൾ

2005 മുതൽ 2024 വരെയുള്ള വർഷങ്ങളിലെ വാർഷിക കണക്കുകൾ ചുവടെ പറയുന്ന തിയതികളിൽ ഓഡിറ്റിന് സമർപ്പിക്കുകയുണ്ടായി.

ക്രമ നമ്പർ	വർഷം	വരവ് ചെലവ് പത്രിക ഓഡിറ്റിന് സമർപ്പിച്ച തിയ്യതി
1	2008,2009,2011,2012	15.03.2024
2	2013-2019	23.01.2020
3	2020	03.02.2021
4	2021	21.02.2021
5	2022,2023	07.02.2024
6	2024	14.03.2025

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9, ഉപവകുപ്പ് (1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 15(3) എന്നിവ പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകവും സാമ്പത്തിക വർഷം ബാധകമല്ലാത്ത സ്ഥാപനത്തിന് അക്കൗണ്ടിംഗ് വർഷം അവസാനിച്ച് 4 മാസത്തിനകവും വാർഷിക കണക്കുകൾ ഓഡിറ്റിനായി അയച്ചുതരേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ ഭാവിയിൽ വാർഷിക കണക്കുകൾ സമർപ്പിക്കുമ്പോൾ സമയ പരിധി പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-3 ക്ഷേത്രഭരണം

ക്ഷേത്ര ഭരണത്തിനായി പ്രത്യേക സ്കീം ഒന്നും നിലവിലില്ല, ഓഡിറ്റ് കാലയളവിൽ പാരമ്പര്യേതര ട്രസ്റ്റിമാരായി നിയമിക്കപ്പെട്ടവരുടെ വിവരം ചുവടെ ചേർക്കുന്നു.

മലബാർ ദേവസ്വം ബോർഡ് പാലക്കാട് അസിസ്റ്റന്റ് കമ്മീഷണറുടെ 09.12.2014 തിയ്യതിയിയിലെ ഉത്തരവ് നമ്പർ.എ 3/734/2014/എംഡിബി/(കെഡിസ്) പ്രകാരം ഉത്തരവ് തിയ്യതി മുതൽ രണ്ട് വർഷത്തേക്ക് പാരമ്പര്യേതര ട്രസ്റ്റിമാരായി നിയമിക്കപ്പെട്ടവരുടെ വിവരം

ക്രമ നമ്പർ	പേര്
1	ശ്രീ പി സുകുമാരൻ പാലോട്ടിൽ ഹൗസ് പാലോട്
2	ശ്രീ കെ ബാലകൃഷ്ണൻ കരിപ്പാടത്ത് വീട് പാലോട്
3	ശ്രീ പ്രദീപ് കല്ലിത്തൊടി വീട് പാലോട്
4	ശ്രീ പി രാജൻ പൊത്തിരത്ത് വീട് പാലോട്

മലബാർ ദേവസ്വം ബോർഡ് പാലക്കാട് അസിസ്റ്റന്റ് കമ്മീഷ്ണറുടെ 22.03.2022 തിയ്യതിയിയിലെ ഉത്തരവ് നമ്പർ.എ 3/250/2017/എംഡിബി/(കെഡിസ്) പ്രകാരം ഉത്തരവ് തിയ്യതി മുതൽ രണ്ട് വർഷത്തേക്ക് പാരമ്പര്യേതര ട്രസ്റ്റിമാരായി നിയമിക്കപ്പെട്ടവരുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പേര്
1	ശ്രീ. വിനോദ് കെ, S/o. വാസുദേവൻ.കെ, കരിപ്പാടത്ത് ഹൗസ്, പാലോട്
2	ശ്രീ. ബാലചന്ദ്രൻ സി.എം, S/o. നാരായണ ഗുപ്തൻ, ചുന്തത്ത് മേലേതിൽ ഹൗസ്, നാട്ടുകൽ
3	ശ്രീ. പ്രദീപ് കെ, S/o. ബാലകൃഷ്ണൻ.കെ, കള്ളിത്തൊടി ഹൗസ്, പാലോട്
4	ശ്രീ. രാജൻ പി, S/o. കുട്ടിശങ്കരൻ.പി, പൊത്തിരത്ത് ഹൗസ്, പാലോട്

ഓഡിറ്റ് കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥർ

ശ്രീ. സുബ്രമണ്യൻ, എക്സിക്യൂട്ടീവ് ഓഫീസർ 01.01.2004 മുതൽ 27.09.2010 വരെ
ശ്രീ. വാസുദേവൻ, എക്സിക്യൂട്ടീവ് ഓഫീസർ 28.09.2004 മുതൽ 31.06.2015 വരെ
ശ്രീ. സി.പി. സുകുമാരൻ, ചെയർമാൻ 01.07.2015 മുതൽ 21.03.2022 വരെ
ശ്രീ. സി.എം. ബാലചന്ദ്രൻ, ചെയർമാൻ 22.03.2022 മുതൽ 29.09.2023 വരെ
ശ്രീ. പി. രാജൻ, ചെയർമാൻ 30.09.2023 മുതൽ 31.12.2024 വരെ

1-4 ക്ഷേത്രവുമായി ബന്ധപ്പെട്ട ഭൂമിയുടേയും വസ്തുവകകളുടേയും പണ്ടം, പാത്രം തുടങ്ങിയവയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ

ക്ഷേത്രത്തിലെ സ്വർണ്ണം, വെള്ളി മുതലായ വിലപിടിപ്പുള്ള വസ്തുക്കളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല , ഇത് സംബന്ധിച്ച് 29.10.2019 ലെ എച്ച് 1/4316/2015/എം.ഡി.ബി സർക്കുലറിലെ ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. നാളിതുവരെ പരിശോധന നടന്നിട്ടില്ല.

1. ക്ഷേത്രം മാനേജിംഗ് ട്രസ്റ്റി/ചെയർമാൻ/എക്സിക്യൂട്ടിവ് ഓഫീസർ എന്നിവർ ക്ഷേത്ര ഭരണ ചുമതല കൈമാറുമ്പോൾ സ്വർണ്ണം വെള്ളി ആഭരണങ്ങളുടെ വേരിഫിക്കേഷൻ റിപ്പോർട്ടും, വേരിഫിക്കേഷൻ കഴിഞ്ഞതു മുതൽ ചാർജ്ജ് കൈമാറുന്നതു വരെയുള്ള ഉറുപ്പടികളുടെ കൃത്യമായ ളുക്കവും കാരറ്റും കണക്കാക്കി ലിസ്റ്റാക്കി ബന്ധപ്പെട്ട ഇൻവെന്ററി രജിസ്റ്റർ സഹിതം ചുമതല കൈമാറേണ്ടതാണ്.
2. ഇൻവെന്ററി രജിസ്റ്ററുകളിൽ ഓരോ ഇനത്തിന്റെയും കൃത്യമായ ളുക്കം, രസീതി നമ്പർ, കാരറ്റ്, എണ്ണം എന്നിവ രേഖപ്പെടുത്തേണ്ടതാണ്.
3. ഇൻവെന്ററി റജിസ്റ്റർ എല്ലാ മാസാന്ത്യത്തിലും രസീതി ബുക്കുമായി ഒത്ത് നോക്കി ക്ഷേത്രം മാനേജിംഗ് ട്രസ്റ്റി/ചെയർമാൻ/എക്സിക്യൂട്ടിവ് ഓഫീസർ എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
4. പരിശോധന നടത്തിയ ക്ഷേത്രങ്ങളുടെ വേരിഫിക്കേഷൻ റിപ്പോർട്ട് അതാത് മാസം തന്നെ പുറപ്പെടുവിക്കേണ്ടതാണ്. കമ്മീഷണർക്ക് വേരിഫിക്കേഷൻ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിക്കുമ്പോൾ തന്നെ ഒരു താത്കാലിക വേരിഫിക്കേഷൻ റിപ്പോർട്ട് എന്ന നിലയിൽ പ്രസ്തുത റിപ്പോർട്ടിനോപ്പം ഉള്ളടക്കം ചെയ്ത മൂല്യനിർണ്ണയ പട്ടികയുടെ പകർപ്പ് താത്കാലിക റിപ്പോർട്ട് എന്ന നിലയിൽ ക്ഷേത്ര ഭരണാധികാരികൾക്ക് നൽകേണ്ടതാണ്.

5. ക്ഷേത്രത്തിൽ ലഭിക്കുന്ന മൂല്യ നിർണ്ണയ പട്ടിക ലാമിനേറ്റ് ചെയ്ത് ഒരു സ്ഥിരം രേഖയായി നമ്പറിട്ട് സൂക്ഷിക്കേണ്ടതും ചാർജ്ജ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്.
6. ശാന്തി വശം സൂക്ഷിക്കുന്നതും വിഗ്രഹത്തിൽ ചാർത്തുന്നതുമായ തിരുവാഭരണങ്ങൾക്ക് ശാന്തിക്കാരനിൽ നിന്നും കച്ചീട്ട് വാങ്ങി സൂക്ഷിക്കേണ്ടതും കച്ചീട്ട് പ്രകാരമുള്ള ആഭരണങ്ങൾക്ക് ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും, എല്ലാ മാസവും ഈ രജിസ്റ്റർ ഒത്ത് നോക്കി പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.
7. ദേവസ്വത്തിൽ വിലപ്പിടിപ്പുള്ള വസ്തുക്കൾ സമർപ്പിക്കുന്ന ഭക്തർക്ക് കൈപ്പറ്റ് രസീത് വ്യക്തമായ തുക്കം രേഖപ്പെടുത്തി നൽകേണ്ടതും, മേൽ കൈപ്പറ്റ് രസീതി ടി വസ്തുവിനോടൊപ്പം തന്നെ സീൽഡ് കവറിൽ സൂക്ഷിക്കേണ്ടതുമാണ്.
8. ഭണ്ഡാരത്തിൽ നിന്ന് ലഭിക്കുന്ന സ്വർണ്ണാഭരണങ്ങൾ ഹുൻഡിയാൽ അസസ്മെന്റ് രജിസ്റ്ററിൽ തരം തിരിച്ച് രേഖപ്പെടുത്തേണ്ടതും ആയതിന്റെ പകർപ്പ് സഹിതം വ്യക്തമായ രേഖപ്പെടുത്തലുകൾ ഇൻവെന്ററി രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.
9. നിത്യേന പൂജക്ക് നൽകുന്ന സ്വർണ്ണം/വെള്ളി പാത്രങ്ങൾ ആറ് മാസത്തിലൊരിക്കൽ ഫിസിക്കൽ വേരിഫിക്കേഷൻ ക്ഷേത്രം മാനേജിംഗ് ട്രസ്റ്റി/ചെയർമാൻ/എക്സിക്യൂട്ടിവ് ഓഫീസർ നടത്തേണ്ടതും, നൽകുന്ന സാധനങ്ങളുടെ തരംതിരിച്ചുള്ള വിവരങ്ങൾ ഒരു രജിസ്റ്ററിൽ ചേർത്ത് എക്സിക്യൂട്ടിവ് ഓഫീസറും സൂക്ഷിക്കുന്ന ജീവനക്കാരനും ഒപ്പിട്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.
10. ക്ഷേത്രത്തിൽ വഴിപാടായും ഭണ്ഡാരത്തിലും ലഭിക്കുന്ന മുഴുവൻ സ്വർണ്ണം/വെള്ളി മൂല്യ വസ്തുവകകൾ സംബന്ധിച്ച വിശദാംശങ്ങൾ ഇൻവെന്ററി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും ഇത് യഥാവിധി സൂക്ഷിപ്പിലുണ്ടെന്ന സാക്ഷ്യപത്രവും ക്ഷേത്ര ഭരണാധികാരികൾ ഓരോ വർഷവും ജനുവരി 1, ജൂലായ് 1 തീയ്യതി വച്ച് ബോർഡിലേക്ക് സമർ പ്പിക്കേണ്ടതാണ്.

ബോർഡ് നിർദ്ദേശം കർശനമായി പാലിക്കുന്നതിലേക്കാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ദേവസ്വം ഭൂമിയെ സംബന്ധിക്കുന്ന വിശദാംശങ്ങൾ

ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂസ്വത്ത് വിവരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി എൻക്വയറി നമ്പർ 07/13.10.2025 പ്രകാരം ദേവസ്വം ഭരണാധികാരിയ്ക്ക് രേഖാമൂലം അറിയിപ്പു നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ദേവസ്വം ഭൂമി അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് ഭൂസംരക്ഷണ നിയമ പ്രകാരം ഒഴിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണ്ടതുമാണ്.

1-5 പൊതു അവലോകനം

- പൊതുവിൽ വരുമാനം കുറവായ ക്ഷേത്രത്തിൽ വരുമാന വർധനവിനു നിദാനമായ കാര്യങ്ങൾ ചെയ്യേണ്ടതാണ്.
- മലബാർ ദേവസ്വം ബോർഡിൽ നിന്ന് യഥാസമയം ബജറ്റുകൾക്ക് അംഗീകാരം വാങ്ങുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

- മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരമില്ലാതെ നടത്തുന്ന ചെലവുകൾ അനധികൃതമായതിനാൽ ഇക്കാര്യം ദേവസ്വം കാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗൗരവമായി പരിഗണിക്കേണ്ടതാണ്.
- ഖണ്ഡിക 1-6 ൽ പറയുന്ന രജിസ്റ്ററുകൾ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- വഴിപാട് വരവ് പൂർണ്ണമായും ദേവസ്വത്തിൽ അടവാക്കേണ്ടതാണ്.
- ക്ഷേത്രത്തിൽ കണക്കെഴുത്ത് ജോലികൾ ചെയ്യുന്നതിന് തസ്തിക ഇല്ലാത്തതും, രേഖകൾ സൂക്ഷിച്ച് വെക്കുന്നതിന് ഭൗതിക സാഹചര്യം അപര്യാപ്തമായതിനാലും കാലപ്പഴക്കം ഏറിയതിനാലും രേഖകൾ പലതും നാശോന്മുഖമായ നിലയിലുമാണ്. രേഖകൾ ഭദ്രമായി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-6 രജിസ്റ്ററുകൾ, റെക്കോഡുകൾ തുടങ്ങിയവ സൂക്ഷിക്കുന്നതിലെ അപാകതകൾ

ദേവസ്വത്തിൽ രശീതി സ്റ്റോക്ക് രജിസ്റ്റർ, രസീത് നാൾവഴി രജിസ്റ്റർ, ഇൻവെന്ററി രജിസ്റ്റർ, കലവറ സ്റ്റോക്ക് രജിസ്റ്റർ, വൃക്ഷ രജിസ്റ്റർ, ഭ്രസ്വത്ത് രജിസ്റ്റർ, വിഗ്രഹ രജിസ്ട്രർ, ഭണ്ഡാര സംസ്ഥാപന രജിസ്റ്റർ, വ്യവഹാര രജിസ്റ്റർ, ഇൻകൃമ്പൻസി രജിസ്റ്റർ, സ്ഥിര നിക്ഷേപ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ വ്യവഹാര രജിസ്റ്റർ, ഡിറ്റം തുടങ്ങീ പ്രധാന രജിസ്ട്രറുകളൊന്നും തന്നെ സൂക്ഷിച്ചു കാണുന്നില്ല. ആയത് എത്രയും പെട്ടെന്ന് തയ്യാറാക്കുകയും കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി ദേവസ്വം കാര്യനിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ സഹിതം സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം-2

വരവിനങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2 -1 ക്യാഷ് വേരിഫിക്കേഷൻ

ദേവസ്വത്തിന്റെ 2004 മുതൽ 2024 വരെയുള്ള വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2025 തിയതി 11.00 AM ന് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 30/- രൂപ ക്യാഷ് ദേവസ്വം രേഖകളിലെ വരവുമായി പൊരുത്തപ്പെടുന്നുണ്ട്.

2-2 വഴിപാട് വരവ് തുക പൂർണ്ണമായും ദേവസ്വത്തിൽ അടവാക്കുന്നില്ല – മറ്റ് അപാകതകൾ

മലബാർ ദേവസ്വം ദേവസ്വം ബോർഡ് കമ്മീഷണറുടെ 2.3.10-ലെ എച്ച്9/1637/2010 നമ്പർ ഉത്തരവിലെ 7-ാം ഖണ്ഡികയിൽ ക്ഷേത്രത്തിലെ എല്ലാ വരവുകളും കൃത്യമായ അതാതു ദിവസമോ അല്ലെങ്കിൽ അതിനടുത്ത ദിവസം തന്നെയോ ബാങ്കിലടക്കേണ്ടതും ഇതു സംബന്ധിച്ച വിവരം അതത് ദിവസം ക്യാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഉത്തരവ് പാലിക്കേണ്ടതാണ്.

2-2-1 വരവ് തുകകൾ പൂർണ്ണമായും ബാങ്കിലടവാക്കിയിട്ടില്ല

എ. ഇളംകുന്ന് വിഷ്ണു ക്ഷേത്രത്തിലെ രസീതി പുസ്തകങ്ങൾ, ക്യാഷ് ബുക്ക്, ബാങ്ക് പാസ്ബുക്ക് എന്നിവ പരിശോധിച്ചതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

കാലയളവ്	രസീതി നമ്പർ	രസീതി പ്രകാരം ആകെ വരവ്	ക്യാഷ് ബുക്ക് പ്രകാരം വരവ്	ബാങ്ക് പാസ്ബുക്ക് പ്രകാരം വരവ്/തീയതി	ബാക്കി അടവാക്കേണ്ട തുക
01.08.2011 – 31.12.2011	-	-	983.00	-	983.00
01.12.2012- 31.12.2012	-	-	158.00	-	158.00
01.01.2021 – 31.01.2021	186/9394 - 186/9569	955.00	480.00	480.00/12.02.2021	475.00
	2/548 - 2/557	180.00	-	-	180.00
01.02.2021 – 28.02.2021	186/9570 - 187/9797	1275.00	550.00	550.00/04.03.2021	725.00
	2/558 - 2/565	200.00	-	-	200.00
01.06.2021 – 30.06.2021	11/4028 - 11/4193	940.00	440.00	440.00/14.07.2021	500.00
01.10.2021 – 31.10.2021	3/1153 - 4/1437	1575.00	700.00	700.00/02.11.2021	875.00
01.05.2022 – 31.05.2022	9/3543 - 10/3744	1490.00	500.00	500.00/13.06.2022	990.00
01.07.2022 – 31.07.2022	12/4401 - 13/4871	2920.00	700.00	700.00/10.08.2022	2220.00
ആകെ					**7306.00**

2-2-1 ബി

ഇളംകുന്ന് വേട്ടക്കരൻ ക്ഷേത്രത്തിലെ വഴിപാട് നാൾവഴി രജിസ്റ്റർ, ക്യാഷ് ബുക്ക്, ബാങ്ക് പാസ്ബുക്ക് എന്നിവ പരിശോധിച്ചതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

കാലയളവ്	വഴിപാട് നാൾവഴി രജിസ്റ്റർ പ്രകാരം ആകെ വരവ്	ക്യാഷ് ബുക്ക് പ്രകാരം വരവ്	ബാങ്ക് പാസ്ബുക്ക് പ്രകാരം വരവ്	ബാക്കി അടവാക്കേണ്ട തുക
01.10.2011 – 31.12.2011	4282.00	1182.00	-	4282.00
01.01.2012 – 31.12.2012	11188.00	3657.00	-	11188.00
01.01.2014 – 31.12.2014	12954.00	-	-	12954.00
01.01.2015 – 21.08.2015	12545.00	7395.00	-	12545.00
ആകെ				**40969.00**

വഴിപാട്/പലവക വരവ് തുകകൾ ബാങ്കിൽ അടവാക്കിയിട്ടില്ല. തുക അടവാക്കാത്തതിനും ടി തുക ദേവസ്വത്തിലേക്ക് തിരികെ ഈടാക്കാതിരിക്കാനും കാരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/17.10.2025 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പ്രകാരമുള്ള ആകെ തുക 7306.00+40969.00=48275.00/- ഉടൻ ദേവസ്വത്തിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-2-2 വഴിപാട് വരവ് രേഖകൾ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയില്ല

ഓഡിറ്റ് കാലയളവായ 2005 മുതൽ 2024 വരെയുള്ള വർഷങ്ങളിൽ വഴിപാട്, പലവക, പണ്ടം പാത്രം, വരവിനങ്ങളുടെ പരിശോധനയ്ക്ക് ആവശ്യമായ രസീതി ബുക്കുകൾ, രസീതി ബുക്ക് സ്റ്റോക്ക് രജിസ്റ്ററുകൾ, വഴിപാട് നാൾവഴി രജിസ്റ്ററുകൾ, ഭണ്ഡാരം രജിസ്റ്ററുകൾ എന്നിവയിൽ താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. രസീത് പുസ്തകങ്ങൾ രസീത് 1 മുതൽ 10000 വരെ തുടർച്ചയായി അച്ചടിച്ച് ഉപയോഗിക്കുന്നില്ല.

- രസീതി ബുക്ക് സ്റ്റോക്ക് രജിസ്റ്റർ - 01.01.2005 മുതൽ 31.12.2024 വരെ
- പലവക രസീതി ബുക്ക് - 01.01.2005 മുതൽ 22.07.2017 വരെ, 15.02.2020 മുതൽ 31.05.2020 വരെ & 20.07.2024 മുതൽ 21.12.2024 വരെ
- വഴിപാട് നാൾവഴി രജിസ്റ്റർ - 01.01.2004 മുതൽ 14.10.2011 വരെ & 08.12.2016 മുതൽ 31.12.2024 വരെ പണ്ടം/പാത്രം രജിസ്റ്റർ - 01.01.2004 മുതൽ 31.12.2024 വരെ

മേൽ രേഖകൾ 16.10.2025-ന് കാലത്ത് 11 മണിക്കുള്ളിൽ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/13.10.2025 ന് മറുപടിയും രേഖകളും ലഭ്യമാക്കിയില്ല. ഇതിൽ 2024-ലെ പുതിയ രേഖകൾ വരെ ഉൾപ്പെടുന്നു. ഓഡിറ്റിന് രേഖകൾ സമർപ്പിക്കാത്തത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കുന്നു. ഇക്കാര്യം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽക്കൊണ്ടു വരുന്നു.

വരവുകളുമായി ബന്ധപ്പെട്ട മുകളിൽ പരാമർശിച്ച പ്രധാന രേഖകളുടെ അഭാവത്തിൽ വാർഷിക കണക്കിലെ വരവുകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിച്ച് ബോധ്യപ്പെടാനായിട്ടില്ല. മേൽ രേഖകൾ എത്രയും വേഗം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2-3 ക്ഷേത്രത്തിലെ വഴിപാട് പട്ടികയ്ക്ക് അംഗീകാരമില്ല

ക്ഷേത്രത്തിൽ 2011 മുതൽ പ്രാബല്യത്തിലുള്ള നിലവിലുള്ള വഴിപാട് പട്ടികയ്ക്ക് മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരം ഇല്ല. മലബാർ ദേവസ്വം ബോർഡിന്റെ അനുമതി വാങ്ങാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 09/13.10.2025 ന് മറുപടി ലഭ്യമാക്കിയില്ല. ക്ഷേത്രത്തിൽ നടത്തുന്ന വഴിപാട് ചെലവിന് അനുസൃതമായി വഴിപാട് നിരക്ക് പുതുക്കേണ്ടത് ദേവസ്വത്തിന് വരുമാന നഷ്ടം ഒഴിവാക്കാൻ അത്യാവശ്യമാണ്. വഴിപാട് നിരക്കിന്റെ 30% എങ്കിലും ദേവസ്വം വിഹിതം വരത്തക്ക രീതിയിൽ ദേവസ്വം ബോർഡിന്റെ അനുമതിയോടെ വഴിപാട് നിരക്ക് പുതുക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

2-4 വരവ് ചെലവ് പത്രിക അപാകതകൾ

ഓഡിറ്റ് കാലയളവായ 2005 മുതൽ 2024 വരെയുള്ള വർഷങ്ങളിലെ വരവ് ചെലവ് പത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 12010 വർഷം വരവ് ചെലവ് പത്രിക/ലെഡ്ജർ പ്രകാരം മുന്നിരിപ്പുശിപ്പടെ ആകെ വരവ് 280501.40/- നീക്കിയിരിപ്പുശിപ്പടെ ആകെ ചെലവ്- 275901.40/- വ്യത്യാസം - 4600.00/- രൂപ
2. 2011 വർഷം വരവ് ചെലവ് പത്രിക/ലെഡ്ജർ പ്രകാരം മുന്നിരിപ്പുശിപ്പടെ ആകെ വരവ് 269946.70/- നീക്കിയിരിപ്പുശിപ്പടെ ആകെ ചെലവ്- 194284.40/- വ്യത്യാസം - 75662.30/- രൂപ
3. 2012 വർഷം വരവ് ചെലവ് പത്രിക/ലെഡ്ജർ പ്രകാരം മുന്നിരിപ്പുശിപ്പടെ ആകെ വരവ് 103288.90/- നീക്കിയിരിപ്പുശിപ്പടെ ആകെ ചെലവ്- 100864.90/- വ്യത്യാസം - 2424.00/- രൂപ
4. 2013 വർഷം വരവ് ചെലവ് പത്രിക/ലെഡ്ജർ പ്രകാരം നീക്കിയിരിപ്പ് 126734.30/- ആണെങ്കിലും 2014 വർഷം മുന്നിരിപ്പായി കാണിച്ചിട്ടുള്ളത് - 113079.00/- വ്യത്യാസം - 13655.30/- രൂപ
5. 2014 വർഷം വരവ് ചെലവ് പത്രിക/ലെഡ്ജർ പ്രകാരം നീക്കിയിരിപ്പ് 274394.00/- ആണെങ്കിലും 2015 വർഷം മുന്നിരിപ്പായി കാണിച്ചിട്ടുള്ളത് - 233044.90/- വ്യത്യാസം - 41350.00/- രൂപ
6. 6) 2015 വർഷം ലെഡ്ജർ പ്രകാരം യഥാർത്ഥ നിത്യത ചെലവ് - 1823.00/- വരവ് ചെലവ് പത്രിക പ്രകാരം - 1523.00/- വ്യത്യാസം- 300.00/-
7. 2016 വർഷം ലെഡ്ജർ പ്രകാരം യഥാർത്ഥ നിത്യത ചെലവ് - 5005.00/- വരവ് ചെലവ് പത്രിക പ്രകാരം - 1005.00/- വ്യത്യാസം- 4000.00/-
8. 2021 വർഷം ലെഡ്ജർ പ്രകാരം യഥാർത്ഥ ഇലക്ട്രിക്കൽ ജോലി ചെലവ് - 6370.00/- വരവ് ചെലവ് പത്രിക പ്രകാരം - 6429.00/- വ്യത്യാസം- 59.00/-

9. 2015 വർഷം വരവ് ചെലവ് പത്രിക/ലെഡ്ജർ പ്രകാരം മുന്നിരിപ്പുശിപ്പടെ ആകെ വരവ്- 329454.400/- നീക്കിയിരിപ്പ് ഉൾപ്പടെ ആകെ ചെലവ് 329454.400/- യാണ് കണിച്ചിട്ടുള്ളതെങ്കിലും 2015 വർഷം മുന്നിരിപ്പുശിപ്പടെ ആകെ യഥാർത്ഥ വരവ് - 313793.50/- നീക്കിയിരിപ്പുശിപ്പടെ ആകെ ചെലവ്- 329154.00/- വ്യത്യാസം - 15361.00/- രൂപ
10. 2021 വർഷം വരവ് ചെലവ് പത്രിക/ലെഡ്ജർ പ്രകാരം മുന്നിരിപ്പുശിപ്പടെ ആകെ വരവ് 1257738.00/- നീക്കിയിരിപ്പുശിപ്പടെ ആകെ ചെലവ്- 1257358.00/- വ്യത്യാസം - 380.00/- രൂപ

II) 2005 മുതൽ 2024 വരെയുള്ള വർഷങ്ങളിലെ യഥാർത്ഥ ബാങ്ക് നീക്കിയിരിപ്പിന്റെയും വരവ് – ചെലവ് പത്രിക പ്രകാരമുള്ള നീക്കിയിരിപ്പിലെ വ്യത്യാസങ്ങൾ ചുവടെ ചേർക്കുന്നു

വർഷം	ബാങ്ക് പാസ് ബുക്ക് പ്രകാരം യഥാർത്ഥ നീക്കിയിരിപ്പ്	വരവ് ചെലവ് പത്രിക പ്രകാരം നീക്കിയിരിപ്പ്	വ്യത്യാസം
2004	152.90	29920.90	29768.00 (+) *
2005	612.90	65376.90	64763.00 (+)
2006	1331.90	81316.90	79985.00 (+)
2007	4411.90	124737.90	120326.00 (+)
2008	8359.90	84672.90	76313.00 (+)
2009	11329.90	108205.90	96876.00 (+)
2010	10765.90	157342.90	146577.00* (+)
2011	45601.90	45601.90	0.00
2012	86364.90	86364.90	0.00
2013	174522.90	126734.30	47788.60 (-)
2014	366815.90	274394.00	92421.90 (-)
2015	300948.90	300948.90	0.00
2016	544127.90	543760.00	367.90 (-)
2017	322861.65	322420.65	441.00 (-)
2018	450038.90	449553.65	485.25 (-)
2019	429823.65	428143.75	1679.90 (-)
2020	200401.95	201487.65	1085.70 (+)
2021	187172.40	188300.00	1127.60 (+)
2022	73664.30	103755.00	30090.70 (+)
2023	91227.30	92359.00	1131.70 (+)
2024	116657.60	117764.00	1106.40 (+)

* 2010 വർഷം വരവ് ചെലവ് പത്രിക പ്രകാരം പാലക്കാട് ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ട് നമ്പർ 6095 പ്രകാരം 146577 രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. എന്നാൽ പരിശോധനക്ക് ഹാജരാക്കിയ ടി ബാങ്ക് പാസ് ബുക്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.12.2010-ൽ നീക്കിയിരിപ്പ് ഒന്നുമില്ല.

* 2004 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ബാങ്ക് നീക്കിയിരിപ്പ് 29921.90 രൂപയാണെങ്കിലും ലഭ്യമാക്കിയ വരവ് ചെലവ് പത്രിക 2005 പ്രകാരം മുന്നിരിപ്പ് മുകളിൽ കാണിച്ച തുക തന്നെ ആണെങ്കിലും ലഭ്യമാക്കിയ ബാങ്ക് / ട്രഷറി പാസ് ബുക്ക് പ്രകാരം ആകെ യഥാർത്ഥ നീക്കിയിരിപ്പ് ചെത്തല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നമ്പർ 0371-ലെ 152.90 മാത്രമാണ് ഉള്ളത്. ടി 152.90 രൂപയുടെ പാസ് ബുക്ക് മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയതിൽ ഉള്ളത്. 2004 ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഉള്ള നീക്കിയിരിപ്പും 2005 വരവ് ചെലവ് പത്രിക പ്രകാരം പറയുന്ന മുന്നിരിപ്പും ആയ pdc ബാങ്കിലെ തുകയും ട്രഷറിയിലുള്ള തുകയും പാസ് ബുക്ക് പ്രകാരം ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/16.10.2025 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും ക്യാഷ്ബുക്കും ബാങ്ക് പാസ്ബുക്കുമായി റീക്കൺസിലിയേഷൻ നടത്തി അപാകങ്ങൾ പരിഹരിച്ച് പുതുക്കിയ വാർഷിക കണക്കുകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. മേൽ പരാമർശിച്ച അപാകതകൾ കാരണം 2005 മുതൽ 2024 കൂടിയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിച്ചിട്ടില്ല.

2 -5 **സർക്കാർ ധനസഹായം**

വർഷം	ഇനം	ലഭ്യമായ തുക	ബാങ്കിന്റെ പേര് /വരവ് വച്ച തീയതി	റിമാർക്സ്
2005	റിപ്പയർ	35000	02.12.2005	
2006	ഭൂ സംരക്ഷണ ഗ്രാന്റ്	17500	23.01.2006	
2014	ജീർണോദ്ധാരണം	70000	23.09.2014	ചെത്തല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് A/c No. 0371
2016	ജീർണോദ്ധാരണം	210000	29.04.2016	
2018	ജീർണോദ്ധാരണം	105000	15.10.2018	
2020	കോവിഡ്	40000	13.04.2020	
2021	കോവിഡ്	80000	19.01.2021	
2022	ജീർണോദ്ധാരണം	45000	15.02.2022	

2-6 വർഷാശനം

ആന്വിറ്റി പേയ്മെന്റ് ഓർഡർ 1515/70/Revenue(R)Department തിയതി. 26.9.1996 ജി.ഒ (എം.എസ്) നം.564/1996/റവ തിയ്യതി 26.09.1996 വിജ്ഞാപനത്തിനടിസ്ഥാനത്തിൽ ദേവസ്വത്തിന് അനുവദിച്ചിരുന്ന വർഷാശനം 4490/- രൂപയാണ്.

എസ്.ആർ.ഒ നം. 16/2009 ജി.ഒ. (പി) നം.12/2009/റവ തിയ്യതി 6.01.2009 നമ്പർ സർക്കാർ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 1963 ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 66 പ്രകാരം നൽകി വരുന്ന വർഷാശനം 3 മടങ്ങായി വർദ്ധിപ്പിക്കുന്നതിനും, തുടർന്ന് ഓരോ 5 വർഷം കൂടുമ്പോഴും 3 മടങ്ങ് തുകയുടെ 25% വർദ്ധിപ്പിച്ചു നൽകുന്നതിനും ഉത്തരവായിരുന്നു. മേൽ ഉത്തരവ് പ്രകാരം വർഷാശനം പുതുക്കിയ നിരക്കിൽ ലഭ്യമാക്കാനും 2022 മുതലുള്ള കുടിശ്ശിക ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്

വർഷാശനമിനത്തിൽ ദേവസ്വത്തിന് ഓഡിറ്റ് കാലയളവിൽ ലഭ്യമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

വരവ് വന്ന വർഷം	തുക	കാലയളവ്	തുക വരവ് വച്ചതിന്റെ വിവരം സബ് ട്രഷറി മണ്ണാർക്കാട്
2005	4490.00	2004	31.01.2005
2006	4490.00	2005	22.01.2006
2007	4490.00	2006	18.08.2007
2008	4490.00	2007	18.10.2008
2009	4490.00	2008	21.08.2009
2010	4490.00	2009	16.09.2010
2015	22450.00	2010-2014	16.11.2015
2017	8980.00	2015,2016	25.09.2017
2021	17960.00	2017-2020	26.03.2021

2 -7 മാനേജ്മെന്റ് ഫണ്ട്

വർഷം	ധനസഹായ വിവരം	തുക	വരവു പിടിച്ച തിയ്യതി/ബാങ്ക്
2006	ഉത്സവബത്ത	2600	09.10.2006, ചെത്തല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് A/c No. 0371
	ശമ്പളകുടിശ്ശിക	163465	14.06.2006
2007	ഉത്സവബത്ത	4200	28.09.2007
	ശമ്പളകുടിശ്ശിക	40980	24.12.2007, ശമ്പളകുടിശ്ശിക നൽകുന്നതിനും ഉത്സവബത്ത് നൽകുന്നതിനും വിനിയോഗിച്ചു

2008	ഉത്സവബത്ത	4500	31.10.2008
	ശമ്പളകുടിശ്ശിക	43200	24.10.2008
2009	ഉത്സവബത്ത	7900	24.09.2009
	ശമ്പളകുടിശ്ശിക	17500	26.03.2009
2010	ഉത്സവബത്ത	11000	17.09.2010
	ശമ്പളകുടിശ്ശിക	44148	24.05.2010
	ശമ്പളകുടിശ്ശിക	103574	30.12.2010
2011	ശമ്പളകുടിശ്ശിക	103739	18.02.2011
2012	ശമ്പളകുടിശ്ശിക	13888	15.09.2012
2013	ശമ്പളകുടിശ്ശിക	85664	30.09.2013
2014	ശമ്പളകുടിശ്ശിക	604301	29.05.2014
	ഉത്സവബത്ത	16000	19.12.2014
2015	ഉത്സവബത്ത	17500	26.08.2015
2016	ശമ്പളകുടിശ്ശിക	362443	05.10.2016
	ശമ്പളകുടിശ്ശിക	483159	06.01.2016
	ഉത്സവബത്ത	18000	05.10.2016
2017	ശമ്പളകുടിശ്ശിക	429212	21.10.2017
	ഉത്സവബത്ത	24000	11.09.2017
2018	ശമ്പളകുടിശ്ശിക	466954	14.06.2018
	ശമ്പളകുടിശ്ശിക	326868	15.10.2018
	ഉത്സവബത്ത	24000	23.08.2018
2019	ശമ്പളകുടിശ്ശിക	183141	29.05.2019
	ഉത്സവബത്ത	24000	07.09.2019
2020	ശമ്പളകുടിശ്ശിക	378428	29.05.2020
	ഉത്സവബത്ത	24000	26.08.2020
2021	ശമ്പളകുടിശ്ശിക	501718	03.02.2021
	ശമ്പളകുടിശ്ശിക	186515	27.10.2021
	ശമ്പളകുടിശ്ശിക	204004	16.01.2021
	ഉത്സവബത്ത	24000	18.08.2021

2022	ശമ്പളകുടിശ്ശിക	446707	07.06.2022
	ശമ്പളകുടിശ്ശിക	147413	15.12.2022
	ഉത്സവബത്ത	24000	03.09.2022
2023	ശമ്പളകുടിശ്ശിക	499344	27.02.2023
	ശമ്പളകുടിശ്ശിക	194027	29.03.2023
	ഉത്സവബത്ത	28000	23.08.2023
2024	ശമ്പളകുടിശ്ശിക	540458	09.03.2024
	ഉത്സവബത്ത	28000	10.09.2024

2 – 8 വായ്പ

ഇല്ല

2 – 9 ഓഡിറ്റ് റിക്കവറി

ഇല്ല

2 – 10 ജാമ്യസംഖ്യ

വരവ് സമാഹരണത്തിന്റേയും വിലപിടിപ്പുള്ള വസ്തുവകകളുടേയും ചുമതലയുള്ള ജീവനക്കാരിൽ നിന്നും 1951 ലെ ഹിന്ദുമത ധർമ്മസ്ഥാപന(ഭരണ) വകുപ്പ് നിയമം സെക്ഷൻ 100(2) (വൈ) അനുശാസിക്കുന്ന വിധത്തിൽ ജാമ്യസംഖ്യ/കരുതൽ ധാരണാപത്രം ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല. ആയത് എത്രയും പെട്ടെന്ന് ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കാര്യനിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

ഭാഗം–3

ചെലവിനങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3–1 മരാമത്ത് പ്രവൃത്തിയുടെയും, പൂർത്തീകരിച്ചതിന്റെയും വിശദാംശങ്ങൾ ഹാജരാക്കിയില്ല– തുക തടസ്സപ്പെടുത്തുന്നു

ദേവസ്വത്തിന്റെ അധീനതയിലുള്ള ശ്രീ ഇളംകുന്ന് വിഷ്ണുക്ഷേത്രം, വേട്ടക്കരൻ കാവ്, അന്തിമഹാകാളൻ കാവ് എന്നീ ക്ഷേത്രങ്ങളിലെ ജീർണോദ്ധാരണ നവീകരണ പ്രവൃത്തികളുടെ ഭാഗമായി വരവ് ചെലവ് പത്രിക പ്രകാരം 2014 മുതൽ 2022 വരെ മലബാർ ദേവസ്വം ബോർഡിൽ നിന്നും ഈ ഇനത്തിൽ തുക ലഭ്യമാകുകയും 2017 മുതൽ 2022 വരെ വർഷങ്ങളിൽ ലഭ്യമായ ധനസഹായവും ദേവസ്വം വിഹിതവും ചേർത്ത് മരാമത്ത് ഇനത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്, വരവ് ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	വരവ്		ചെലവ്		
ക്രമ നം.	വർഷം	വരവ് തുക	വർഷം	ചെലവ് തുക	റിമാർക്ക്സ്
1	2014	70000.00	2017	215191.00	
2	2016	210000.00	2018	19403.00	
3	2018	105000.00	2020	246754.00	
4	2022	45000.00	2021	40840.00	
5			2022	139032.00	
ആകെ		**430000.00**		**661220.00**	

ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ 100 (2)(P)(Q)(R)(S) എന്നിവയിൽ പരാമർശിക്കുന്ന പ്രകാരം ആവശ്യമായ നടപടിക്രമങ്ങൾ മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പാലിച്ചിട്ടില്ല. നിയമാനുസൃതമായ പ്ലാൻ, എസ്റ്റിമേറ്റ്, ടെണ്ടർ നടപടിക്രമങ്ങൾ, പ്രവൃത്തിയുടെ അളവുകൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തൽ, വർക്ക് ബിൽ തയ്യാറാക്കൽ, വാല്വേഷൻ/കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ഉത്തരവാദപ്പെട്ട എഞ്ചിനീയറിൽ നിന്ന് വാങ്ങൽ, കരാറുകാരനുമായുള്ള നിയമാനുസൃത കരാർ തുടങ്ങി മരാമത്ത് പ്രവൃത്തി സംബന്ധമായ രേഖകൾ/നടപടിക്രമങ്ങൾ ഒന്നും തന്നെ പാലിക്കാതെയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. കൂടാതെ, മേൽ പ്രവൃത്തിക്ക് മലബാർ ദേവസ്വം ബോർഡിൽ നിന്നും പ്രവർത്തനാനുമതിയും അംഗീകാരവും ലഭിച്ചിട്ടില്ല. മേൽ കാരണങ്ങളാൽ മരാമത്ത് പ്രവൃത്തിക്കു വേണ്ടി ചെലവഴിച്ച 661220.00/- രൂപയുടെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്. മേൽ വരവ് വന്ന തുകയുടെ വിശദാംശവും അത് അതാത് ഇനത്തിനുവേണ്ടി ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ചെലവഴിച്ചിട്ടില്ലെങ്കിൽ ആയതിന്റെ വിശദാംശവും ഹാജരാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 08/13.10.2025 ന് മറുപടി ഹാജരാക്കാത്തതിനാൽ ആകെ ചെലവ് തുക 661220.00/- തടസ്സത്തിൽ വെക്കുന്നു.

3-2 ശ്രീ ഇളംകുന്ന് വിഷ്ണുക്ഷേത്രം ജീർണോദ്ധാരണം മരാമത്ത് പ്രവൃത്തി നടപടിക്രമങ്ങൾ പാലിച്ചില്ല - തുക തടസ്സപ്പെടുത്തുന്നു

മലബാർ ദേവസ്വം ബോർഡ് പാലക്കാട് അസി. കമ്മീഷണറുടെ ഉത്തരവ് നമ്പർ എ 3/1641/2017/ എം ഡി ബി തീയതി 15.05.2017 പ്രകാരം 190000.00/- രൂപയുടെ പ്ലാനും എസ്റ്റിമേറ്റും അംഗീകരിച്ചു. പ്രവൃത്തി ദേവസ്വം നേരിട്ട് നിർവ്വഹിക്കുന്നതിനും അംഗീകാരം നൽകുകയും 1 മുതൽ 9 നിബന്ധനകളോടെ പ്രവർത്തി പൂർത്തീകരിക്കാനും നിർദ്ദേശിച്ചു. ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു

ക്രമ നമ്പർ	വൗച്ചർ നമ്പർ	തിയ്യതി	ചെലവ് തുക	റിമാർക്ക്സ്
1	NIL	27.09.2017	100000.00	പട്ട, കമ്പി കഴുക്കോൽ വാങ്ങൽ
2	NIL	29.11.2017	17511.00	ബാക്കി സാധനങ്ങൾ വാങ്ങിയത്
3	NIL	14.12.2017	26250.00	അനുബന്ധ സാധനങ്ങൾ വാങ്ങിയത്
		ആകെ	**143761.00**	

ചെലവുമായി ബന്ധപ്പെട്ട് താഴെ ചേർത്ത രേഖകൾ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മെഷർമെന്റ് ബുക്ക്, NMR, ക്യാഷ് ബിൽ, വൗച്ചർ, വാല്വേഷൻ & കംപ്ലീഷൻ സർട്ടിഫിക്കറ്റ്.

പി.ഡബ്ള്യു.ഡി മാന്വൽ, ഹിന്ദു ധർമ്മ സ്ഥാപന നിയമത്തിലെ വകുപ്പ് 100(2) Q R S എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ചെയ്യാതിരുന്നതിനും മേൽ രേഖകൾ ഹാജരാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/13.10.2025-ന് മറുപടി ഹാജരാക്കാത്തതിനാൽ ആകെ ചെലവ് തുക 143761.00/- തടസ്സത്തിൽ വെക്കുന്നു.

3-3 കമ്മിറ്റികളുടെ പ്രവർത്തനം – ബഹു. കേരള ഹൈക്കോടതി വിധി, ഭരണവകുപ്പ് സർക്കുലർ എന്നിവയ്ക്ക് വിരുദ്ധം

ദേവസ്വത്തിൽ ക്ഷേത്ര സംരക്ഷണ സമിതി എന്ന പേരിൽ ഒരു കമ്മിറ്റി നിലവിൽ പ്രവർത്തിക്കുന്നതായി രേഖകൾ പരിശോധിച്ചതിൽ ഓഡിറ്റിനു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് കമ്മീഷണറുടെ / മദ്രാസ് എച്ച.ആർ &സി.ഇ. ആക്ട് 1951 ലെ സർക്കുലർ നം. 280 എന്നിവ പ്രകാരം നിഷ്ക്കർഷിച്ചിരിക്കുന്ന നിബന്ധനകൾ പാലിച്ചതിന്റെയും പ്രസ്തുത കമ്മിറ്റിക്ക് മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരം ലഭ്യമായതിന്റെയും വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.12/17.10.2025 ന് മറുപടി ലഭ്യമാക്കിയില്ല.

ബഹു. കേരള ഹൈക്കോടതിയുടെ ഡി.ബി/4/94-ാം നമ്പർ കേസിലെ 28.6.95 ന്റെ വിധി, 12.2.2007 1043/ദേവ.1/07 ആർ.ഡി.നമ്പർ സർക്കാർ കത്ത് , 15.6.2007 ലെ എച്ച്ആർഎച്ച്5/8246/06 നമ്പർ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് കമ്മീഷണറുടെ സർക്കുലർ എന്നിവയിൽ കമ്മറ്റി പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട വിഷയങ്ങൾ താഴെ ചേർക്കുന്നു.

(a) ക്ഷേത്രങ്ങളിൽ ഉത്സവാഘോഷങ്ങൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിനായി ഭക്തജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കമ്മറ്റി രൂപീകരിക്കാവുന്നതാണ്. ഇങ്ങനെ രൂപീകരിക്കുന്ന കമ്മറ്റികൾ ക്ഷേത്രത്തിൽ യാതൊരു കാരണവശാലും സ്ഥിരമായി പ്രവർത്തിക്കാൻ പാടുള്ളതല്ല. ഒരു വർഷത്തേക്കോ അല്ലെങ്കിൽ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിച്ചതിന് ശേഷമോ കമ്മറ്റി പിരിച്ചു വിടേണ്ടതാണ്.

(b) കമ്മറ്റി രൂപീകരിക്കുന്നതിനു മുമ്പായി വകുപ്പിന്റെ അനുമതി വാങ്ങേണ്ടതാണ്.

(c) വകുപ്പിൽ നിന്നും നൽകുന്ന നിബന്ധനകൾക്കനുസരിച്ചു മാത്രമേ കമ്മറ്റികൾ പ്രവർത്തിക്കാൻ പാടുള്ളൂ.

(d) രൂപീകരിക്കപ്പെടുന്ന കമ്മറ്റിയുടെ ട്രഷറർ ക്ഷേത്രഭരണാധികാരി ആയിരിക്കേണ്ടതാണ്.

(e) കമ്മറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങൾ സമയപരിധിക്കകം പൂർത്തീകരിച്ച് അവസാനിപ്പിക്കുമ്പോൾ കമ്മറ്റി പിരിച്ചുവിട്ട് വരവ്-ചെലവ് കണക്കുകൾ, ബാങ്ക് പാസ്ബുക്ക് കമ്മറ്റിയുടെ കൈവശമുള്ള സംഖ്യ എന്നിവ ക്ഷേത്രഭരണാധികാരിയെ ഏൽപ്പിക്കേണ്ടതാണ്.

(f) ദേവസ്വം ഇഷ്യൂ ചെയ്യുന്ന രശീതികൾ ഉപയോഗിച്ചു മാത്രമേ കമ്മറ്റികൾ പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിക്കാൻ പാടുള്ളൂ. രശീതികളുടെ സ്റ്റോക്ക് രജിസ്റ്റർ ദേവസ്വത്തിൽ സൂക്ഷിച്ചിരിക്കണം.

(g) ദേവസ്വം അക്കൗണ്ടിൽ കാണിക്കാത്ത യാതൊരു പിരിവുകളും ദേവസ്വത്തിനുവേണ്ടി കമ്മറ്റികൾ നടത്താൻ പാടുള്ളതല്ല.

(h) കമ്മറ്റിയുടെ കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ ചേർത്ത നിബന്ധനകൾ പാലിച്ചു വേണം കമ്മറ്റികൾ പ്രവർത്തിക്കേണ്ടത്.

3-4 അംശാദായം

ഓഡിറ്റ് കാലയളവിൽ അംശാദായം ഇനത്തിൽ മലബാർ ദേവസ്വം ബോർഡിലേക്ക് അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	വൗച്ചർ നമ്പർ/തിയതി	ചെക്ക് നമ്പർ/തിയതി	തുക	രസീതി നമ്പർ/തിയതി
2005			1000.00	ലഭ്യമല്ല
2006			**1500.00**	ലഭ്യമല്ല
2008			**2000.00**	ലഭ്യമല്ല
2013			**3064.00**	ലഭ്യമല്ല
2020			**499.00**	ലഭ്യമല്ല
		ആകെ	**8063.00**	

അടവാക്കിയ തുകയുടെ ഒറിജിനൽ രസീത് ഹാജരാക്കാത്തതിനാൽ ചെലവ് തുക-8063.00/- താൽക്കാലികമായി തടസ്സത്തിൽ വെക്കുന്നു

3-5 ക്ഷേമനിധി

ഓഡിറ്റ് കാലയളവിൽ ഈയിനത്തിൽ അടവാക്കിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വർഷം	തുക(രൂപ)	രസീതി നമ്പർ/തീയതി
2010	5000.00	ലഭ്യമല്ല
2018	336.00	ലഭ്യമല്ല
2023	2824.00	ലഭ്യമല്ല
ആകെ	**8160.00**	

അടവാക്കിയ തുകയുടെ ഒറിജിനൽ രസീത് ഹാജരാക്കാത്തതിനാൽ ചെലവ് തുക 8160.00/- താൽക്കാലികമായി തടസ്സത്തിൽ വെക്കുന്നു

3-6 അംഗീകാരമില്ലാതെ യാത്രാബത്ത കൈപ്പറ്റിയത് - തുക തടസ്സപ്പെടുത്തുന്നു

2005 മുതൽ 2019 വരെയുള്ള വർഷങ്ങളിൽ ദേവസ്വത്തിൽ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ ജോലി ചെയ്തിരുന്ന ചുവടെ പറയുന്ന ജീവനക്കാർ ടൂർ ഡയറി ഹാജരാക്കാതെ മലബാർ ദേവസ്വം ബോർഡിന്റെ അനുമതി ഇല്ലാതെയും യാത്രാബത്ത കൈപ്പറ്റിയ വിവരം ചുവടെ ചേർക്കുന്നു.

വർഷം	കൈപ്പറ്റിയ തുക	റിമാർക്ക്സ്
2005	279.00	
2006	1874.00	
2007	562.00	
2009	429.00	
2015	1010	
2016	970	
2017	1740.00	
2018	950.00	
2019	170.00	
ആകെ	**7984.00**	

അനുമതിയില്ലാതെ യാത്രാബത്ത കൈപ്പറ്റിയ ഇനത്തിൽ മേൽ പ്രകാരമുള്ള ചെലവ് തുക (7984.00) തടസ്സപ്പെടുത്താതിരിക്കാൻ കാരണം എന്തെങ്കിലുമുണ്ടെങ്കിൽ അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻകൃയറി നമ്പർ.15/17.10.2025 ന് മറുപടി ലഭ്യമാക്കിയില്ല.

3-7 ഓഡിറ്റ് ചാർജ്ജ്

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 19 പ്രകാരവും 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരവും താഴെ പറയുന്ന വിധം ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ്ജ് 0070-60-110-98 എന്ന ഖജാന ശീർഷകത്തിൽ ചലാൻ മുഖാന്തിരം ഖജനാവിൽ ഒടുക്കേണ്ടതാണ്. ഒടുക്കേണ്ട ഓഡിറ്റ് ചാർജ്ജിന്റെ വിവരം ചുവടെ കൊടുക്കുന്നു.

1996 കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾ 7-9 പ്രകാരം സാധാരണ വരവ് 10000/- രൂപയിൽ കുറവുള്ള വർഷങ്ങളിൽ ഓഡിറ്റ് ചാർജ്ജ് ഒഴിവാക്കിയിട്ടുണ്ട്.

വർഷം	സാധാരണ വരുമാനം	ഓഡിറ്റ് ചാർജ്ജ് നിരക്ക്	ഓഡിറ്റ് ചാർജ്ജ്
2006	13346	0.5%	67
2007	10194	0.5%	51
2008	11726	0.5%	59
2009	11852	0.5%	59
2013	21761.3	1%	218
2015	56459.5	1%	565
2016	36266	1%	363
2017	53539.75	1%	535
2018	40273	1%	403
2019	48061	1%	481
2020	45491	1%	455
2021	41887	1%	419
2022	45452	1%	455
2023	44338	1%	443
2024	40494	1%	405
		ആകെ	**4978**
		മുൻബാക്കി	**832**
		ഒട്ടാകെ	**5810**
		ഒടുക്കിയ തുക	569
		ഒടുക്കാൻ ബാക്കി	**5241**

ഒടുക്കാൻ ബാക്കിയുള്ള തുകകളുടെ വിശദവിവരം

വർഷം	തുക
2004	**263***
2006	67
2007	51
2008	59
2009	59
2013	218
2015	565

2016	363
2017	535
2018	403
2019	481
2020	455
2021	419
2022	455
2023	443
2024	405
ആകെ	**5241**

2004 വരെ അടവാക്കാനുണ്ടായിരുന്ന ആകെ 832/- രൂപയിൽ ചെലാൻ നമ്പർ 369/14.01.2005 പ്രകാരം അടവാക്കിയ 375.00/- രൂപയും, ചെലാൻ നമ്പർ KL010171710201819M/10.01.2019 പ്രകാരം അടവാക്കിയ 194.00/- രൂപയും അടവാക്കിയതിനു ശേഷമുള്ള 263/- രൂപ 2004 വർഷം അടവാക്കാൻ ബാക്കിയുണ്ട്.

ഓഡിറ്റ് ചാർജ്ജ് അടിയന്തിരമായി ഒടുക്കേണ്ടതും തുക ഒടുക്കിയ ചലാന്റെ പകർപ്പ്/GRN/Reference Numbwe എന്നിവയിൽ ഏതിന്റെയെങ്കിലും വിവരം പരിശോധനയ്ക്കായി ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതുമാണ്.

ഭാഗം-4

4-1 ധനസ്ഥിതി

വർഷം	2005	2006	2007	2008	2009	2010	2011	2012	2013	2014
മുന്നിരിപ്പ്	29930.94	65684.44	81327.44	124745.44	84681.44	108221.9	161947.4	73284.9	39373	113079
തൻവർഷ വരവ്	48473	201401	59864	63916	41742	172279.5	107999.3	30004	107425.3	699417
ആകെ വരവ്	78403.94	267085.44	141191.44	188661.44	126423.44	280501.4	269946.7	103288.9	146798.3	812496
ആകെ ചെലവ്	12719.5	185758	16446	103980	18202	118554	120999.5	14500	20064	538102
നീക്കിയിരിപ്പ്	65684.50	81327.44	124745.44	84681.44	108221.40	157347.4	73284.90	86364.9	126734.3	274394

വർഷം	2015	2016	2017	2018	2019	2020	2021	2022	2023	2024
